>> ലേഖനം

● ജമാൽ കടന്നപ്പള്ളി

**മക്കാ കാലഘട്ടം മുഴുവൻ പ്രവാചകന്റെ ശക്തി ഇഹ്സാൻ എന്ന ഈ ധാർമികായുധമായിരുന്നു. ശത്രുക്കളുടെ സായുധാക്രമണത്തിനു മുന്നിൽപോലും ഇഹ്സാൻ എന്ന ധാർമിക പോർച്ചട്ട തന്നെയാണ് മക്കയിലുടനീളം പ്രവാചകൻ ഉപയോഗപ്പെടുത്തിയത്. മദീനയിൽ ഒരു ഇസ്‌ലാമികരാഷ്ട്രം നിലവിൽ വന്നിട്ടും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. സായുധപോരാട്ടങ്ങളാവട്ടെ തികഞ്ഞ നിർബന്ധിതാവസ്ഥയോ, സന്ദർഭത്തിന്റെ തേട്ടമോ ആയിരുന്നു. അതും ഇഹ്സാനിൽ നിന്ന് വ്യതിചലിക്കാതെ**

# ഇഹ്സാന്റെയും ഇസ്വ്‌ലാഹിന്റെയും സമഗ്രത

**ഈമാനിന്റെയും** അതുകൊണ്ടുതന്നെ തൗഹീദിന്റെയും ഉന്നതപടിയാണ് ഇഹ്സാൻ. ഇഹ്സാനിന്റെ മർമം നിഷ്കളങ്കതയാണ്. വിശുദ്ധഖുർആനും നബിചര്യയും പരിശോധിച്ചാൽ ഇഹ്സാനിന്റെ മൂന്നു രീതികൾ കാണാം. 1. അല്ലാഹുവിനെ നാം നേരിൽ കാണുന്നുണ്ടെന്ന പോലെ നമ്മുടെ മുഴുജീവിതവും രൂപപ്പെടുത്തുക. 2. സമസൃഷ്ടികൾക്കും സർവ ജീവജാലങ്ങൾക്കും നന്മ ചെയ്യുക. 3. ഏതു കാര്യവും അതിന്റെ പൂർണ്ണതയോടെ ഭംഗിയായി ചെയ്യുക. ആദ്യം പറഞ്ഞതിനുള്ള ഉദാഹരണം തിരുസന്നിധിയിൽ മലക്ക് ജിബ്‌രീൽ മനുഷ്യരൂപത്തിൽ വന്നു പഠിപ്പിച്ചതാണ്. ദീർഘമായ പ്രസ്തുത ഹദീസിൽ ഇങ്ങനെ വായിക്കാം: അയാൾ (ജിബ്‌രീൽ) വീണ്ടും പറഞ്ഞു: ഇഹ്സാനിനെ പറ്റി എനിക്ക് പറഞ്ഞു തരിക. നബി(സ) പറഞ്ഞു: നീ അല്ലാഹുവിനെ കാണുന്നുണ്ടെന്ന പോലെ അവന് ഇബാദത്ത് ചെയ്യുക. നിശ്ചയം! അവൻ നിന്നെ കാണുന്നുണ്ട്, നീ അവനെ കാണുന്നില്ലെങ്കിലും (മുസ്‌ലിം). രണ്ടാമത്തേതിനുള്ള ഉദാഹരണം വിശുദ്ധഖുർആനിലെ 'അല്ലാഹു നിനക്ക് തന്നിട്ടുള്ള സമ്പത്തു കൊണ്ട് നീ പാരത്രിക ഗേഹം പണിയുക. ഈ ലോകത്ത് നിനക്കുള്ള പങ്ക് വിസ്മരിക്കുകയും ചെയ്യരുത്. അല്ലാഹു നിനക്ക് ഇഹ്സാൻ ചെയ്തിട്ടുള്ളതുപോലെ നീയും ഇഹ്സാൻ ചെയ്യുക(*അൽഖസ്വസ്*: 77). മൂന്നാമതു പറഞ്ഞതിനുള്ള ഉദാഹരണം: 'മനുഷ്യനെ നാം ഏറ്റവും നല്ല രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു(*അത്തീൻ*: 4). ഇവ മൂന്നും ചേർത്തുവായിച്ചാൽ ഇഹ്സാൻ എന്നത് ഒരു ദീനീ ചിട്ടയാണെന്നു കാണാം. അതായത് 'അല്ലാഹുവിന്റെ സാന്നിധ്യത്തിലാണ് സദാ താനുള്ളത് എന്ന തിരിച്ചറിവോടെ ജീവിക്കുകയും സർവ ജീവജാലങ്ങൾക്കും നന്മ ചെയ്യുകയും, പ്രവർത്തനങ്ങളഖിലം പരമാവധി കുറ്റമറ്റതാക്കാൻ ശ്രമിക്കുകയും ചെയ്യുക.

വിശ്വാസികളോട് വിശുദ്ധവേദം എല്ലാറ്റിനോടും ഇഹ്സാൻ കൽപിച്ചിരിക്കുന്നു. സ്വന്തത്തോട്, ബന്ധുമിത്രാദികളോട്, അയൽക്കാരോട്, മൃഗങ്ങളോട്....

'അഹ്സന'എന്ന ക്രിയയുടെ നാമരൂപമാണ് ഇഹ്സാൻ. വിശുദ്ധഖുർആൻ പറയുന്നു: 'ഇസ്രാഈൽ സന്തതികളിൽ നിന്ന് നാം ദൃഢ പ്രതിജ്ഞ വാങ്ങിയ സന്ദർഭം: 'അല്ലാഹുവിനല്ലാതെ നിങ്ങൾ ഇബാദത്ത് ചെയ്യരുത്. മാതാപിതാക്കളോടും ബന്ധുക്കളോടും അനാഥരോടും അഗതികളോടും നിങ്ങൾ ഇഹ്സാൻ ചെയ്യണം'(*അൽബഖറ*: 83). 'നിശ്ചയം അല്ലാഹു നീതിയും ഇഹ്സാനും പ്രവർത്തിക്കാനും കുടുംബബന്ധങ്ങൾ പുലർത്താനും അനുശാസിക്കുന്നു. മ്ലേഛതയും നിഷിദ്ധവും അക്രമവും നിരോധിക്കുകയും ചെയ്യുന്നു'(*അന്നഹ്ൽ*: 90). 'അല്ലാഹുവിങ്കലേക്ക് വിളിക്കുകയും സൽകർമങ്ങളാചരിക്കുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തവന്റെ വചനത്തേക്കാൾ ഉൽകൃഷ്ടമായ വചനം ആരുടേതുണ്ട്? (*ഫുസ്സിലത്ത്*: 33).

വിശുദ്ധഖുർആൻ നന്മയുടെയും വെളിച്ചത്തിന്റെയും മഹാ പ്രവാഹമാണെന്നറിയാൻ പ്രഥമമായും പഠനവിധേയമാക്കേണ്ടത് ഇഹ്സാൻ സൂക്തങ്ങളാണ്. വിശുദ്ധഖുർആന്റെ സൗന്ദര്യവും മുഖശ്രീയുമാണ് ഇഹ്സാൻ. പ്രവാചകൻ(സ)യാവട്ടെ ആ ഇഹ്സാന്റെ ആൾരൂപവും. (നബിയെപറ്റി സഞ്ചരിക്കുന്ന ഖുർആനാണെന്ന പത്നി ആഇശയുടെ പ്രസ്താവം ശ്രദ്ധിക്കുക).

ഇഹ്സാന്റെ എതിർപദം ഇസാഅത്ത് അഥവാ തിന്മയാണ്. തിന്മ ചെയ്യുകയും അതിൽ അഭിരമിക്കുകയും ചെയ്യുന്നവരുടെ മൗലികപ്രശ്നം, അവർക്ക് ജീവിതത്തെകുറിച്ച ഗൗരവമായ കാഴ്ചപ്പാടോ ലക്ഷ്യത്തെക്കുറിച്ച ബോധമോ ഇല്ല എന്നതാണ്. ഇഹ്സാനുള്ളവരുടെ നില മറിച്ചാണ്. അവർ ജീവിതത്തെ പഠനവിധേയമാക്കുകയും ദിവ്യഗ്രന്ഥത്തിന്റെയും ചിന്തയുടെയും സഹായത്തോടെ ശരിയായ ദിശ നിർണയിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇഹ്സാനോടെ ജീവിക്കുന്ന ഒരാളുടെ പ്രഥമ ബാധ്യത ഇസാഅത്തിൽ പെട്ടുഴലുന്ന സഹജീവിയെ ആത്മാർഥമായി സഹായിക്കലത്രെ. അല്ലാഹു പറയുന്നു: 'പ്രവാചകരേ, നന്മയും(ഇഹ്സാൻ) തിന്മയും(സയ്യിഅത്ത്) തുല്യമാവുകയില്ല. താങ്കൾ തിന്മയെ ഉൽകൃഷ്ടമായ നന്മകൊണ്ട് പ്രതിരോധിക്കുക. അപ്പോൾ താങ്കളോട് വൈരത്തിൽ വർത്തിക്കുന്നവൻ ആത്മമിത്രമായിത്തീരുന്നത് താങ്കൾക്കു കാണാം (*ഫുസ്സിലത്ത്*: 34).

മുസ്‌ലിം സമുദായത്തിന്റെ മുഖമുദ്രയാവണം ഇഹ്സാൻ എന്നർഥം. തിന്മയെ നന്മകൊണ്ടല്ല, ഏറ്റവും ഉൽകൃഷ്ടമായ നന്മകൊണ്ട് നേരിടുന്നു ഇഹ്സാൻ...! അതു പക്ഷേ എളുപ്പമല്ല. എടുത്തുചാട്ടക്കാരായ വികാര ജീവികൾക്ക് ലഭിക്കുന്ന പദവിയല്ല. മക്കാ കാലഘട്ടം മുഴുവൻ പ്രവാചകന്റെ ശക്തി ഇഹ്സാൻ എന്ന ഈ ധാർമികായുധമായിരുന്നു. ശത്രുക്കളുടെ സായുധാക്രമണത്തിനു മുന്നിൽപോലും ഇഹ്സാൻ എന്ന ധാർമിക പോർചട്ട തന്നെയാണ് മക്കയിലുടനീളം പ്രവാചകൻ ഉപയോഗപ്പെടുത്തിയത്. മദീനയിൽ ഒരു ഇസ്‌ലാമികരാഷ്ട്രം നിലവിൽ വന്നിട്ടും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. സായുധപോരാട്ടങ്ങളാവട്ടെ തികഞ്ഞ നിർബന്ധിതാവസ്ഥയോ, സന്ദർഭത്തിന്റെ തേട്ടമോ ആയിരുന്നു. അതും ഇഹ്സാനിൽ നിന്ന് വ്യതിചലിക്കാതെ.

നാം പറയുന്ന സൽസ്വഭാവം ആണ് ഇഹ്സാൻ.ഹുസ്നുൽ ഖുൽഖ് എന്നാണ് സൽസ്വഭാവത്തിന്റെ ഇസ്‌ലാമിക ഭാഷ്യം. നബി(സ) പറയുന്നു: സൽസ്വഭാവമാകുന്നു പുണ്യം. നിന്റെ മനസ്സിൽ ചൊറിച്ചിൽ ഉണ്ടാക്കുകയും ആളുകൾ അറിയുന്നത് നീ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നതെന്തോ അതാണ് പാപം(മുസ്‌ലിം). വീണ്ടും പറയുന്നു: നിങ്ങൾ എവിടെയായാലും അല്ലാഹുവിനോട് തഖ്‌വയുള്ളവരാവുക. തിന്മക്കു പിറകെ നന്മയെ ചേർക്കുക. ആ നന്മ തിന്മയെ മായ്ച്ചുകളയും. ആളുകളോട് നല്ല സ്വഭാവത്തിൽ പെരുമാറുക(തിർമിദി). ഇഹ്സാന്റെ സമഗ്രതയെക്കുറിക്കുന്ന മറ്റൊരു നബിവചനം: 'ഏതു കാര്യത്തിലും ഇഹ്സാൻ വേണമെന്നാണ് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ കൊല്ലുകയാണെങ്കിൽ പോലും നല്ല നിലയിൽ കൊല്ലണം. നിങ്ങൾ അറുക്കുന്നുവെങ്കിൽ അറവ് നന്നാക്കണം. നിങ്ങൾ വായ്ത്തല മൂർച്ചകൂട്ടണം. ഉരുവിന് ആശ്വാസം നൽകുകയും വേണം (മുസ്‌ലിം).

തഖ്‌വ കെട്ടിപ്പടുത്തിട്ടുള്ളത് ദൈവഭയത്തിന്റെ അടിത്തറയിലാണെങ്കിൽ, ഇഹ്സാൻ പടുത്തുയുർത്തേണ്ടത് ദൈവസ്നേഹത്തിന്റെ അടിത്തറയിലാണ്. ഒരു വിശ്വാസിക്ക് കൈവരിക്കാനുള്ള പദവികളിൽ മഹോന്നതമാണ് ദൈവസ്നേഹം. മാത്രമല്ല, മനുഷ്യന് തന്റെ സ്രഷ്ടാവിനോട് ആദ്യമായി തോന്നേണ്ടുന്ന വികാരവും സ്നേഹമാണ്. അഥവാ ഭയത്തിനും മുമ്പാണ് സ്നേഹം ഉണ്ടാവേണ്ടത്. മറ്റെല്ലാരെക്കാളും മറ്റെന്തിനെക്കാളും അല്ലാഹുവെമാത്രം സ്നേഹിക്കുന്നതിന്റെ പേരാണ് മൗലികമായി തൗഹീദും ഈമാനും ഇസ്‌ലാമും എല്ലാം. ഇങ്ങനെ നാം ഏറെ സ്നേഹിക്കുന്ന നമ്മുടെ സ്രഷ്ടാവിന്റെ ഒരു ചെറിയ നീരസം പോലും നമ്മെ അസ്വസ്ഥരാക്കും. അഥവാ അസ്വസ്ഥരാക്കണം. അവിടെയാണ് തഖ്‌വ എന്ന ദൈവഭയം പ്രസക്തമാവുന്നത്. അപ്പോൾ തഖ്‌വ പോലും അന്തിമമായി ഇഹ്സാന്റെ ഉപോൽപന്നമാണെന്നു വരുന്നു. സർവോൽകൃഷ്ടമായ പുണ്യമാണ് ദൈവസ്നേഹം. ഒരു പ്രവാചക പ്രാർഥന ഇങ്ങനെയാണ്: 'അല്ലാഹുവേ, എനിക്ക് നീ നിന്റെ സ്നേഹം പ്രദാനം ചെയ്യേണമേ. നിന്നെ സ്നേഹിക്കുന്നവന്റെ സ്നേഹത്തെയും നിന്നോടുള്ള സ്നേഹത്തിലേക്ക് എന്നെ നയിക്കുന്ന ഒന്നിന്റെ സ്നേഹത്തെയും എനിക്ക് നീ പ്രദാനം ചെയ്യേണമേ. നിന്നോടുള്ള സ്നേഹം ശീതള ജലത്തേക്കാൾ എനിക്ക് പ്രിയപ്പെട്ടതാക്കിത്തീർക്കേണമേ.'

വിശുദ്ധഖുർആൻ അല്ലാഹുവിന്റെ പാർട്ടി-ഹിസ്ബുല്ലാഹ്- എന്ന വിശേഷണം നൽകിയത് അല്ലാഹുവെ ഏറ്റവുമധികം സ്നേഹിക്കുന്നവർക്കാണ്. വിശ്വസിച്ചവരേ, നിങ്ങളിലാരെങ്കിലുമൊരുവൻ തന്റെ ദീനിൽ നിന്നു മാറുന്നുവെങ്കിൽ (മാറിക്കൊള്ളട്ടെ) അപ്പോൾ അല്ലാഹു അവൻ സ്നേഹിക്കുന്നവരും അവനെ സ്നേഹിക്കുന്നവരും വിശ്വാസികളോട് മൃദുലചിത്തരും സത്യനിഷേധികളോട് ദൃഢമനസ്കരും ദൈവികസരണിയിൽ സമരം ചെയ്യുന്നവരും യാതൊരാക്ഷേപകന്റെയും ആക്ഷേപത്തെ ഭയപ്പെടാത്തവരുമായ മറ്റൊരു ജനത്തെ ഉയർത്തിക്കൊണ്ടുവരുന്നതാകുന്നു. ഇത് അല്ലാഹുവിന്റെ ഔദാര്യമാകുന്നു. അവനിഛിക്കുന്നവർക്ക് അത് നൽകുന്നു. അവൻ എല്ലാം അറിയുന്നു. തീർച്ചയായും നിങ്ങളുടെ മിത്രം അല്ലാഹുവും അവന്റെ ദൂതനും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും അല്ലാഹുവിന്റെ മുമ്പിൽ നമിക്കുകയും ചെയ്യുന്ന വിശ്വാസികളുമാകുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും മിത്രങ്ങളാക്കുന്നവരാരോ, തീർച്ചയായും, അല്ലാഹുവിന്റെ കക്ഷിതന്നെയാണ് വിജയിക്കുന്നവർ (*അൽ മാഇദ*: 55-56).

## ഇസ്‌ലാഹ്

തൗഹീദീ സംസ്ഥാപനത്തിൽ ഏറെ പ്രധാനപ്പെട്ട ഒരു ഘടകമാണ് ഇസ്‌ലാഹ്,അഥവാ പരിഷ്കരണ പ്രവർത്തനങ്ങൾ. എന്നാൽ നാം ഇന്നു കരുതുന്നതുപോലെ മുസ്‌ലിംകൾക്കിടയിലെ ശിർക്ക്-ബിദ്അത്തുകൾ വിപാടനം ചെയ്യുന്നതിന്റെ മാത്രം പേരല്ല ഇസ്‌ലാഹ്. അതിനപ്പുറം വളരെ വിശാലമായ ഒരു തലമുണ്ട് ഇസ്‌ലാഹിന്. ഇസ്‌ലാഹ് എന്താണെന്നറിയാൻ ആദ്യം ഇഫ്സാദ് എന്താണെന്നറിയണം. പ്രവാചകന്മാരുടെ പ്രതിയോഗികൾ ഭൂമിയിൽ വരുത്തിവെച്ച നശീകരണങ്ങളെയും കുഴപ്പങ്ങളെയുമാണ് ഖുർആനും സുന്നത്തും ഫസാദ് അഥവാ ഇഫ്സാദ് എന്ന് വിളിക്കുന്നത്. അത്തരം ഇഫ്സാദുകളെ പ്രവാചകന്മാർ നേരിട്ടത് ഇസ്‌ലാഹ് കൊണ്ടത്രെ. ഖുർആനും സുന്നത്തും പരിശോധിച്ചാൽ സന്ദർഭാനുസരണം സംസ്കരണം, സമുദ്ധാരണം, നന്മ വരുത്തൽ, ഐക്യവും രഞ്ജിപ്പുമുണ്ടാക്കൽ തുടങ്ങിയ വിവക്ഷകളിലാണ് ഇസ്‌ലാഹ് പ്രയോഗിക്കപ്പെട്ടതെന്നു കാണാം.

മൂസാ(അ) തന്റെ ജനതക്ക് പ്രതിനിധിയായി ഹാറൂൻ(അ)യെ നിയോഗിക്കുമ്പോൾ അദ്ദേഹത്തിനു നൽകിയ ഉപദേശം ഖുർആൻ പറയുന്നു: നല്ലത് പ്രവർത്തിക്കുകയും കുഴപ്പക്കാരുടെ മാർഗം പിന്തുടരാതിരിക്കുകയും ചെയ്യുക-വ അസ്‌ലിഹ് വലാതത്തബിഅ് സബീലൽ മുഫ്സിദീൻ- (*അൽ അഅ്റാഫ്*: 142). ഇവിടെ പറഞ്ഞ ഇഫ്സാദിൽ സാമൂഹികമായ സർവകുഴപ്പങ്ങളും പെടും. അത്തരം കുഴപ്പക്കാരുടെ മാർഗത്തിൽ ചരിക്കരുതെന്നു മാത്രമല്ല അവയെ വിപാടനം ചെയ്യാൻ ശ്രമിക്കുകയും അതുവഴി സ്വസമുദായത്തെയും പൊതുസമൂഹത്തെയും സമുദ്ധരിക്കുകയുമാണ് വേണ്ടതെന്നർഥം. ഇതേകാര്യം ശുഐബ് നബി പറയുന്നതായി ഖുർആൻ ഉദ്ധരിക്കുന്നു: 'എനിക്ക് സാധ്യമായ നന്മ -ഇസ്‌ലാഹ്- വരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് അതിന് ഉതവി ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു(*ഹൂദ്*: 88). ഖുർആൻ പറയുന്നു: 'എന്റെ സമുദായമേ, അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കുക. അവനല്ലാതെ നിങ്ങൾക്കൊരു ദൈവവുമില്ല. നിങ്ങളുടെ നാഥനിൽ നിന്നുള്ള വ്യക്തമായ മാർഗനിർദേശം നിങ്ങൾക്ക് ഇതാ വന്നുകിട്ടിയിരിക്കുന്നു. അതിനാൽ

അളവും തൂക്കവും പൂർണമാക്കുക. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ കുറവ് വരുത്താതിരിക്കുക. ഭൂമിയിൽ സംസ്കരണം -ഇസ്ലാഹ്- നിലവിൽ വന്നശേഷം അവിടെ നാശം-ഇഫ്സാദ്- ഉണ്ടാക്കാതിരിക്കുക (*അൽ അഅ്റാഫ്*: 85). ഇവിടെ ദൈവിക ഏകത്വത്തോടൊപ്പം പരാമർശിച്ചത് സാമ്പത്തിക നീതിയെന്ന ഇസ്ലാഹിനെയാണ്. അതിൽനിന്നു തന്നെ ഇസ്ലാഹിന്റെ വൃത്തം വളരെ വിപുലമാണെന്ന് സിദ്ധിക്കുന്നു. ഐഹികജീവിത സൗകര്യങ്ങളിൽ മതിമറന്ന് ഭൗതിക ലഹരിയിൽ മുങ്ങിക്കുളിച്ച സമൂദ് ഗോത്രത്തിലേക്ക് നിയോഗിക്കപ്പെട്ട സ്വാലിഹ്(അ) തന്റെ ജനതയോട് പറയുന്നത് കാണുക: 'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നെ അനുസരിക്കുകയും ചെയ്യുക. അതിക്രമികളുടെ ആജ്ഞകൾ നിങ്ങൾ അനുസരിക്കരുത്; അതായത് നാട്ടിൽ നാശം-ഇഫ്സാദ്- ഉണ്ടാക്കുകയും പരിഷ്കരണം-ഇസ്ലാഹ്- വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ(*അശ്ശുഅറാഅ്*: 151-152).

ഇനി മനുഷ്യർക്കിടയിൽ ഐക്യം (മുസ്വാലഹത്ത്) ഉണ്ടാക്കിയെടുക്കാനുള്ള ഇസ്ലാഹീ പ്രവർത്തനത്തിന്റെ പ്രാധാന്യത്തക്കുറിച്ച് ഖുർആൻ പറയുന്നു: 'അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. വല്ല ദാനധർമവും ചെയ്യാനോ സദാചാരം കൈക്കൊള്ളാനോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപ്പിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. 'സത്യവിശ്വാസികൾ പരസ്പരം സഹോദരന്മാരാകുന്നു. അതിനാൽ നിങ്ങളുടെ സഹോദരന്മാർക്കിടയിലുള്ള ബന്ധങ്ങൾ നന്നാക്കുവിൻ (*അൽഹുജറാത്ത്*: 10).ഇനി അവർ(ദമ്പതികൾ) തമ്മിൽ ഭിന്നിച്ചുപോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ കൂട്ടരിൽ നിന്ന് ഒരു മധ്യസ്ഥനേയും അവളുടെ കൂട്ടരിൽ നിന്ന് ഒരു മധ്യസ്ഥനേയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു(*അന്നിസാഅ്*: 35). ഇത്തരം സൂക്തങ്ങൾ നിരവധിയുണ്ട് വിശുദ്ധഖുർആനിൽ. മനുഷ്യജീവിതത്തിന്റെ മുഴുമേഖലയിലുള്ള ഭിന്നിപ്പുകളേയും ഇസ്ലാഹ് നടത്തി പരിഹരിക്കണമെന്ന് അവ താൽപര്യപ്പെടുന്നു.

വ്യക്തി ജീവിതത്തിൽ ഇസ്ലാഹ് കൈക്കൊള്ളാനുള്ള ആഹ്വാനങ്ങൾ കാണുക: 'ആർ വിശ്വസിക്കുകയും തങ്ങളുടെ കർമരീതികൾ സംസ്കരിക്കുകയും ചെയ്തുവോ അവർ ഭയപ്പെടേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല (*അൽഅൻആം*: 48). അതിനാൽ സൂക്ഷ്മത പാലിക്കുകയും തന്റെ നടപടികൾ സംസ്കരിക്കുകയും ചെയ്യുന്നതാരോ അവൻ ഭയപ്പെടാനോ ദുഃഖിക്കാനോ ഇടവരുന്നതല്ല (*അൽ അഅ്റാഫ്*: 35). നിങ്ങളിൽ നിന്നാരെങ്കിലും അവിവേകത്താൽ വല്ല തിന്മയും ചെയ്തുപോവുകയും ശേഷം പശ്ചാത്തപിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു (*അൽ അൻആം*: 54).

ചുരുക്കത്തിൽ ഇസ്ലാഹ് എന്ന സമുദ്ധാരണ ശ്രമങ്ങൾ മനുഷ്യജീവിതത്തിന്റെ ഏതെങ്കിലും ഒരു മേഖലയിൽ ഒതുക്കാവതല്ല. വിശ്വാസം, ആരാധന, സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, നാഗരികത തുടങ്ങി ജീവിതത്തിന്റെ മുഴുമേഖലകളെയും അത് സ്പർശിക്കുന്നു. ശിർക്, ബിദ്അത്ത്, പലിശ, വ്യഭിചാരം, കളവ്, പൂഴ്ത്തിവെപ്പ്, ഭിന്നിപ്പ്, അനൈക്യം, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ തിന്മകളത്രയും (ഫസാദ്) ഇല്ലാതാക്കി പകരം നന്മ(ഇസ്ലാഹ്) സ്ഥാപിക്കുന്നതിന്റെ പേരാണ് ഇസ്ലാഹീ പ്രവർത്തനം. വിശുദ്ധഖുർആൻ 'ഭൂമിയിൽ ഫസാദുണ്ടാക്കരുത്' എന്നു പറയുമ്പോൾ തന്നെ ഇസ്ലാഹിന്റെ വൈപുല്യം ഊഹിക്കാവുന്നതാണ്. നബി(സ) അരുൾ ചെയ്യുന്നു: നിശ്ചയം സത്യമതം ആരംഭിച്ചത് അപരിചിതാവസ്ഥയിലാണ്. അപരിചിതാവസ്ഥയിലേക്ക് അത് മടങ്ങുകയും ചെയ്യും. അപ്പോൾ ആ അപരിചിതർക്ക് വിജയാശംസകൾ! എന്റെ ശേഷം എന്റെ സുന്നത്തിൽ ജനങ്ങൾ ഫസാദാക്കിയതിനെ ഇസ്ലാഹ് ചെയ്യുന്നവരത്രെ അവർ (തിർമുദി) ഇവിടെ പറഞ്ഞ സുന്നത്ത് ആരാധനാ കർമങ്ങളിൽ പരിമിതമല്ല. നബി(സ)യുടെ 23 വർഷക്കാലത്തെ ജീവിതക്രമമാണ് ശരിയായ അർഥത്തിലുള്ള സുന്നത്ത്. അത്കൈവെക്കാത്ത ഒരു മേഖലയുമില്ല. വ്യക്തി, കുടുംബം, വിശ്വാസം, ആരാധന, പ്രബോധന പ്രവർത്തനങ്ങൾ, യുദ്ധം, സന്ധി, സത്യം, നീതി, ക്ഷമ, വിട്ടുവീഴ്ച, സാമ്പത്തിക ഇടപാടുകൾ, സാമൂഹികക്രമങ്ങൾ, രാഷ്ട്രീയസംവിധാനങ്ങൾ...

കൂട്ടത്തിൽ പറയട്ടെ, ബിദ്അത്തുകൾ എന്ന സുന്നത്തിന്റെ വിപരീത ശബ്ദത്തിനും ഇങ്ങനെ പരിമിതമായ അർഥം നൽകാറുണ്ട്. തീർച്ചയായും വിശ്വാസ ആരാധനാ കർമങ്ങളിലെ ബിദ്അത്തുകൾ ഏറെ ഗൗരവമർഹിക്കുന്നവ തന്നെയാണ്. ഖബ്ർപൂജ, മാല മൗലീദ്, റാത്വീബ്, അല്ലാഹുവല്ലാത്തവർക്ക് നേർച്ചയാക്കൽ, മന്ത്രം, ഉറുക്ക് മുതൽ സിയാറത്ത് ടൂർ വരെ എതിർക്കപ്പെടേണ്ട ബിദ്അത്തുകൾ നിരവധിയാണ്. അതോടൊപ്പം സമുദായ ഗാത്രത്തിൽ നുഴഞ്ഞുകയറുന്ന മറ്റു ബിദ്അത്തുകളേയും എതിർക്കേണ്ടതുണ്ട്. മതരാഷ്ട്ര വിഭജനമെന്ന വൻ ബിദ്അത്ത് തന്നെ ഉദാഹരണം. പ്രവാചകൻ (സ) പഠിപ്പിച്ച രാഷ്ട്രീയ ദർശനത്തെ വേണ്ടത്ര പരിഗണിക്കാതെയും അതിൽ നിന്ന് വെളിച്ചം സ്വീകരിച്ച് വർത്തമാനകാലത്തേക്കാവശ്യമായ ഇജ്തിഹാദ് നടത്താതെയും ഒഴുക്കിനൊത്ത് നീന്തുന്നത് അതീവ ഗൗരവമാർന്ന ബിദ്അത്തത്രെ. ഫലത്തിൽ അത് ചെന്നു പതിക്കുന്നത് അല്ലാഹുവിന്റെ പരമാധികാര-ഹാക്കിമിയ്യ:-ത്തിൽ ആണെന്നത് സംഗതിയുടെ ഗൗരവം വർധിപ്പിക്കുന്നു. ഫസാദിന്റെഇനത്തിൽ വരുന്ന മുഴുവൻ തിന്മകളും ബിദ്അത്ത് എന്ന സംജ്ഞയിൽ ഉൾപ്പെടും. വിശുദ്ധ ഖുർആനും സുന്നത്തും ലക്ഷ്യം വെക്കുന്ന ആരോഗ്യകരമായ സമൂഹിക സംവിധാനത്തെ തകിടം മറിക്കുന്ന സകല തിന്മകളും ബിദ്അത്തുകൾ കൂടിയാണ്. അന്ധവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും എതിർക്കുന്ന അതേശക്തിയോടെ അവക്കെതിരെകൂടി പോരാടേണ്ടത് ഇസ്ലാഹീ പ്രവർത്തകരുടെ കടമയാണ്.

ബിദ്അത്തുകളെയും ഫസാദുകളെയും വിശ്വാസ-കർമ മണ്ഡലങ്ങളിൽ മാത്രം ഒതുക്കുന്നതും ഒപ്പം അവയെ സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ മാത്രം പരിമിതപ്പെടുത്തുന്നതും ഒരുപോലെ തിരുത്തപ്പെടേണ്ടതാണ്. പകരം ഖുർആനിന്റെയും സുന്നത്തിന്റെയും ചൈതന്യമാവാഹിച്ച് ഇസ്ലാഹീ പ്രവർത്തനത്തെ സമഗ്രമായി മനസ്സിലാക്കാനും ഉൾകൊള്ളാനും നാം കടപ്പെട്ടിരിക്കുന്നു. ■